# ഏനിയാക്







KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



വിശുദ്ധ അന്നാമ്മേ
ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ




# സെന്റ് ആൻസ്സ്
# ഗേൾസ് ഹയർ സെക്കൻഡറി സ്ക്കൂൾ
# കോട്ടയം



# ഏനിയാക്

ഏനിയാക്- (ENIAC) ഇലക്ട്രോണിക്ക് ന്യൂമെറിക്കൽ ഇന്റഗ്രേറ്റർ ആന്റ് കംപ്യൂട്ടർ. ആദ്യമായി നിർമ്മിക്കപ്പെട്ട ശക്തി കൂടിയ ഡിജിറ്റൽ കംപ്യൂട്ടർ. 1945 ലാണ് ഈ കംപ്യൂട്ടർ 'Gaint Brain' എന്ന പേരിലാണ് പ്രവർത്തന സജ്ജമായത്. ഇലക്ട്രോ മെക്കാനിക്കൽ മെഷീനുകളേക്കാൾ ആയിരം മടങ്ങ് വേഗതയിൽആയിരുന്നു അതിന്റെ പ്രവർത്തനം.



# ആശംസ

സെന്റ് ആൻസ് ഗേൾസ് ഹൈസ്ക്കൂൾ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനഫലമായി സൃഷ്ടിച്ച മലയാളം ഡിജിറ്റൽ മാഗസിൻ യഥാർത്ഥത്തിൽ എന്നെ വിസ്മയഭരിതയാക്കി. എന്റെ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഏറ്റവും ഭംഗിായി നിർവഹിക്കുവാൻ അവർക്ക് സാധിച്ചതിൽ എനിക്ക് നിറഞ്ഞ ചാരിതാർത്ഥ്യമുണ്ട്. തുടർന്നും അവരുടെ കഴിവുകൾ വളർന്നുവരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. അവരെ നയിച്ച കൈറ്റ് മാസ്റ്റർമാരായ-
സി .റിൻസി യേയും, റോസ്ലി ടീച്ചറേയും പങ്കാളികളായ കുട്ടികളേയും അഭിനന്ദിക്കുന്നു. എല്ലാവിധ  ഭാവുകങ്ങളും നേരുന്നു.

-എന്ന്,

സി. ക്രിസ്റ്റി എസ്.വി.എം

# എഡിറ്റോറിയൽ

വിദ്യാലയത്തിന്റെ മികവ് -
പാഠ്യപദ്ധതിയിലൂടെ
പഠനപ്രവർത്തനങ്ങളിലൂടെ
അതിലുപരി സാങ്കേതിക വിദ്യയുടെ വൈവിധ്യങ്ങളിലൂടെ.
ഒരു പുതിയ അധ്യായം
സ്ക്കൂൾ ജീവിതത്തിന് കൂട്ടായൊരു
നൃൂജെൻ ക്ലബ്ബ്.
ലിറ്റിൽ കൈറ്റ്സ്-
കൂട്ടുകൂടാനും കൂട്ടായി കണ്ടെത്താനും.
പ്രവർത്തന മികവുകളിലൂടെ
സ്വന്തം ഭാവിയും യോജിച്ച മേഖലയും നിർണ്ണയിച്ചുറപ്പിക്കാനും
പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നന്മകളറിയുവാൻ
സർഗാത്മകവും വൈദഗ്ധ്യവുമുള്ള
പുതുതലമുറയ്ക്ക് നൂതന സാങ്കേതിക വി ദ്യകൾ പരിചയപ്പെടുവാൻ
അന്വേഷണങ്ങളെ സത്യത്തിന്റെ തേരിലേറ്റാൻ
മാധ്യമങ്ങൾ നിയന്ത്രിക്കുന്ന
ഇന്നിന്റെ മനസുകൾക്ക്
സ്വന്തം പ്രവർത്തനങ്ങളിലൂടെ
നേർരേഖ കാട്ടാൻ, ലിറ്റിൽ കൈറ്റ്സ് പഠന പ്രവർത്തനങ്ങൾക്ക്
ആകുമെന്നുറപ്പ്.
ഇതിൽ ഒരംഗമാകുവാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തോടെ........ഒരു
എളിയ പ്രവർത്തനം.....ഏനിയാക്

- സ്റ്റുഡന്റ് എഡിറ്റേഴ്സ്

## ആശംസ

കേരളത്തിലെ പൊതു വിദ്യാലയങ്ങൾ മികവുറ്റതാക്കുന്നതിന്റെ ഭാഗമായി ലഭിച്ച ഹൈടെക് ക്ലാസ് മുറികൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാലാനുസൃതമായി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പുസ്തകങ്ങളിൽ മാത്രം കണ്ണൂന്നിയിരിക്കാതെ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ അറിവിന്റെ വിഹായസ്സിലേക്ക് കുതിക്കുന്ന പുതിയ തലമുറയ്ക്ക് ഒരു പൊൻതൂവലായി സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കായി അനുവദിച്ചു നൽകിയ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അത്ഭുതാവഹമായ വളർച്ചയിലേക്ക് കുട്ടികളെ നയിക്കുന്നു. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും പരിചയപ്പെടുവാനും ഓരോരുത്തരുടേയും
അഭിരുചികൾക്കനുസരിച്ച് ഇഷ്ട്പ്പെട്ട വിഷയങ്ങൾ
തിരഞ്ഞെടുക്കുവാനും ഈ സംരംഭം
പ്രയോജനപ്രദമാണ്.തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി ലഭിക്കുന്ന
പ്രത്യേക പരിശീലനവും
ഓരോ ആഴ്ചയിലുമുള്ള ക്ലാസ്സുകളും വിദ്യാഭ്യാസത്തി-
നായി രാജ്യം ചെലവഴിക്കുന്ന പണവും അധ്യാപകർ പങ്കിടുന്ന അധിക സമയവും രാജ്യത്തിന്റെ തന്നെ നിക്ഷേപമാണെന്ന് വിദ്യാർത്ഥി സമൂഹത്തിന് ബോധ്യം നൽകുന്നു. സ്വന്തം കഴിവുകളും സിദ്ധിസാധനകളും വളർത്തുവാൻ ലഭിച്ച ഒരു സുവർണ്ണാവസരമായി ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തെ കുട്ടികൾ സ്വീകരിക്കുകയും സമയം കണ്ടെത്തി മലയാളാക്ഷരങ്ങളിൽ വളരെ പെട്ടെന്ന് പ്രാവീണ്യം നേടുകയും ചെയ്ത് കൂട്ടായ പ്രവർത്തനത്തിലൂടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ ഈ 'ജ്വാല'തികച്ചും അഭിനന്ദനാർഹം തന്നെ. ഇതിനായി തങ്ങളുടെ കഴിവുകളും സമയവും ചെലവഴിച്ച ഓരോരുത്തരേയും സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. ഉയരങ്ങളിലേക്ക് പറന്നുയരാൻ ഈ ചെറിയ ഉദ്യമം നിങ്ങളെ ശക്തിപ്പെടുത്തട്ടെ.

സി. റിൻസി, റോസ് ലി ടീച്ചർ

# ഉൾപ്പേജുകളിൽ

* കേരളം
* എന്റെ അധ്യാപകർ
* ക്വിസ്
* യഥാർത്ഥ സൗഹൃദം
* പെയ്തൊഴിയാതെ
* മലയാള സാഹിത്യം
* മഴ
* കഥകളി
* മുല്ല വള്ളി
* തണൽ മരം
* തെയ്യം
* പ്രഭാതമേ
* നിശാഗീതം
*കേരളത്തിന് ഒരു പുനർജന്മം
* എന്റെ കുട്ടിക്കാലം
* ക്രിസ്തുമസ്
* മുല്ലപ്പൂ
* അധ്യാപകർ

ഏനിയാക്

* മഞ്ഞിമ കണ്ട കേരളം
* എന്റെ കേരളം
* അമ്മ
* തുള്ളൽ
* ഓർമ്മകൾ
* കുസൃതി ചോദ്യം
* എന്റെ വിദ്യാലയം
* കാലം സാക്ഷി
* കേരളീയം
* കൃഷ്ണനാട്ടം
* എൻ പ്രിയ കൂട്ടുകാരി



# ENGLISH SECTION

* Power Of Prayer
* Books
* Nature
* Life
* More Questions One Answer
* My Dream Home Way
* The Unlocked Cage
* Life Is Precious
* Thank You Teacher
* Trying To Be Happy
* My Parents
* None Like Parents

## ഏനിയാക്



## ലിറ്റിൽ കൈറ്റ് ക്ലബ്ബ് അംഗങ്ങൾ

* അഞ്ജുശ്രീ പ്രസാദ്
* രേവതി അജിത്ത്
* ഐശ്വര്യാ എസ്
* അനീറ്റ മരിയ ജോൺ
* അബിതാ മറിയം റോണി
* ആദികൃപ എസ്
* ആദിത്യാ രാജേഷ്

* അഞ്ജ്മിയ സവാദ്
* അലീന ബിനോയി
* അലീന എം ഷാഹൽ
* അപർണ സലി
* ദേവിക ദേവ്
* ഫിയ മരിയ ജിനു
* ജെസ്റ്റീന കുരിയൻ
* കാർത്തിക അനിൽകുമാർ
* ലക്ഷ്മി ബോസ്
* ലക്ഷ്മി എസ് നായർ
* മരിയ പി സജി
* മേഘ  ടി ലാലു
* മെറിൻ മേരി ബെന്നി
* നന്ദന സജിത്ത്
* നേഹ വി ഷാജി
* പാർവതി  രാജേഷ്
* സാന്ദ്രാ സതീഷ്
* അലീന ബിജു
* സിയാ കുരിാക്കോസ്

ഏനിയാക്

* നവ്യാ ബിജു
* ശ്രീലക്ഷ്മി പി എ
* കൃഷ്ണേന്ദ്രാ സതീഷ്
* തൃഷാ മറിയം തോമസ്




# കേരളം



ദൈവത്തിന്റെ സ്വന്തം നാട്
എന്ന് അറിയപ്പെടുന്ന കേരളത്തെക്കുറിച്ച്
ഒറ്റനോട്ടത്തിൽ. 1956 നവംബർ 1നാണ്
കേരളം പിറന്നത്. 1949 ജൂലൈ 1നാണ്
തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ
എന്നീ ജില്ലകൾ നിലവിൽ
വന്നത്.കേരളത്തിലെ രണ്ട് ജില്ലകളിലെ
ആസ്ഥാനത്തിനു മാത്രമേ മാറ്റമുള്ളൂ.

-അലീന ബിനോയി



# എന്റെ അധ്യാപകർ

നമ്മുടെ പഠന മാർഗ്ഗത്തിലെ
തടസ്സങ്ങളെല്ലാ-
മകറ്റുന്ന ദൈവദൂതന്മാരാണ് അധ്യാപകർ.

കൺകണ്ട ദൈവമായ് നമ്മുടെ ഉള്ളിലെ
മനക്കോവിലിൽ വാഴും അധ്യാപകർ.

ആദ്യാക്ഷരം കുറിച്ചദിവസം മുതൽ
നമ്മുടെ സുഹൃത്തുക്കളാകും അധ്യാപകർ.

നമ്മിലെ വിദ്യകൾ നമ്മിലേക്കെത്തിക്കും
വിനയാർദ്ര സമുദ്രമായ് അധ്യാപകർ.

# ക്വിസ്

1.സ്ത്രീകളിൽ ആദ്യ ഇന്ത്യൻ രാഷ്ട്രപതി?
 പ്രതിഭാ പാട്ടീൽ

2.എവറസ്റ്റ് കീഴടക്കിയ ആദ്യ ഇന്ത്യൻ വനിത ആര്?
ബച്ചേന്ദ്രിപാൽ

3.ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ ഏവ?
മുംബൈ, കൊൽക്കത്ത, വിശാഖപട്ടണം,
കൊച്ചി,ചെന്നൈ,തൂത്തുകുടി,പാരദ്വീപ്
മംഗലാപുരം,കാൻഡല

4.ലോകത്തിലെ ഏറ്റവും വലിയ കൃത്രിമ തടാകം?
മീഡ് തടാകം

ഏനിയാക്

5.സിങ്ക് ഉൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം ഏത്?
കാനഡ

6.കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് തിരിയുന്ന ഗ്രഹങ്ങൾ ഏത്?
ശുക്രൻ,യുറാനസ്

7.സൂര്യനിൽനിന്ന് കൂടുതലായി ഊർജ്ജം ലഭിക്കുന്ന ഗ്രഹം ഏത്?
വ്യാഴം

8.ലോക വികലാംഗ ദിനം എന്ന്?
മാർച്ച്  20

9.ജൂൺ 26 ഏത് ദിനം ആണ്?
മയക്കുമരുന്ന് വിരുദ്ധദിനം

10.ലോക എയ്ഡ്സ് ദിനം എന്ന്?

ഡിസംബർ 1

11.നാഗാലാന്റിൽ രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയത് എന്ന്?
ജനുവരി 3

12.2008-2009 ലേക്കുള്ള കേരള ബഡ്ജറ്റ് അവതരിപ്പിച്ചത് എന്ന്?
മാർച്ച് 6

13.ചൈനയിലെ ഭൂകമ്പത്തിൽ 50000 ത്തിനടുത്ത് മരണം സംഭവിച്ചതെപ്പോൾ?
മെയ് 12

14.240 വർഷം നീണ്ട രാജഭരണം അവസാനിപ്പിച്ച് നേപ്പാൾ റിപ്പബ്ലിക്ക് ആയി പ്രഖ്യാപിച്ചതെന്ന്?
മെയ് 28

15.വിമ്പിംൾഡൺ വനിതാ ടെന്നീസ് കിരീടം വീനസ് വില്ല്യംസ് നേടിയതെന്ന്?
ജൂലായ് 5

16.ഇന്ത്യയുടെ ദേശിയ കലണ്ടർ ഏത്?
ശകവർഷം

17.ബെനൻജൗഗാർജ് നാഷണൽ പാർക്ക് എവിടെയാണ് സ്ഥിതിചെയ്യുന്നത്?
സാഹോൾ(മധ്യപ്രദേശ്)

18.ഇന്ത്യയിലെ ഏറ്റവും വലിയ പക്ഷിസങ്കേതം ഏത്?
ഭരത് പൂർ

19.ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദൂരം ഓടുന്ന തീവണ്ടി ഏത്?

ഏനിയാക്

ഹിമസാഗർ എക്സ്പ്രസ്

20.ഇന്ത്യയിൽ ആദ്യം ലോകസുന്ദരിപട്ടം ലഭിച്ചത് ആർക്ക്?
റീത്ത ഫാരിയ(1966)

-ലക്ഷ്മി ബോസ്
9D

## യഥാർത്ഥ സൗഹൃദം



പുലരിയുടെ സൗന്ദര്യം ആസ്വദിക്കുകയായിരുന്നു മാലിനി. കത്തികൊണ്ട് കീറിമുറിക്കുന്നപോലെയായിരുന്നു അവളുടെ മനസ്സ്. അപ്പോഴാണ് തേനീച്ചകൾ പൂവിന്റെ തേൻ ഊറ്റികുടിക്കുന്നത് കണ്ടത്. അച്ഛനോടും

അമ്മയോടും യാത്ര പറഞ്ഞവൾ തിരക്കേറിയ ബംഗളൂരു നഗരത്തിലേയ്ക്ക് മടങ്ങി. അവിടെ ആർക്കും ഒന്നിനും സമയമില്ല. വളരെ തിരക്കേറിയ നഗരത്തിൽ ഒറ്റപ്പെട്ട് കഴിയുന്ന അവൾ വളരെ വിഷാദയായിരുന്നു. കോളേജിൽ തനിക്ക് കൂട്ടുകാരില്ല. ആരും നിയന്ത്രിക്കാനില്ലാത്ത ആ നഗരത്തിൽ എല്ലാത്തിനും അവൾ അടിമപെട്ടു. ലാപ്ടോപ്,ടിവി,മൊബൈൽ എല്ലാത്തിനും. ആ സമയത്താണ് അവളുടെ റൂംമേറ്റ് ശീതൾ എന്ന  ഒരു പെൺകുട്ടി കടന്നുവന്നത്. മാലിനിയുടെ സ്വഭാവം ശീതളിന് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ശക്തമായ മഴയും കാറ്റും ഒരു പൂമരത്തോട് പെരുമാറുന്നതുപോലെയായിരുന്നു മാലിനി ശീതളിനോട് പെരുമാറിയിരുന്നത്. എന്നുംതന്നെ റൂമിൽ കയറി മാലിനി കരയുന്നത് ശീതൾ കണ്ടിരുന്നു. എന്നാൽ,അതിന്റെ കാര്യം അവൾ

തിരക്കിയില്ല. ശീതൾ റൂമിൽ ചെന്ന് നോക്കി. ഒരു ബോർഡിൽ കുറേ പേരുകൾ കണ്ടാണ് മാലിനി കരഞ്ഞതെന്ന് ശീതളിന് മനസ്സിലായി. ഒരു ദിവസം മാലിനി അവളോട് ചോദിച്ചു:നീയാരാ?... ശീതളിന്റെ കണ്ണുകൾ നിറയുന്നത് അവൾ അവളുടെ കണ്ണുകളിലൂടെ കണ്ടു. സന്തോഷവും സ്നേഹവും നിറഞ്ഞ മുഖത്തോടെ അവൾ പറഞ്ഞു.പൂജാ.....മാലിനിയുടെ ചുണ്ടുകൾ ഇടറുകയായിരുന്നു. ഉൽകണ്ഠ നിറഞ്ഞ മനസ്സ് സന്തോഷിക്കുകയായിരുന്നു. ചുവന്ന കവിളിലൂടെ സന്തോഷത്തിന്റെ കണ്ണുനീർ വറ്റാത്ത നദി പോലെ ഒഴുകുകയായിരുന്നു. തനിക്കാപത്ത് വരുന്ന സമയത്ത് തണൽ നൽകുന്ന തണൽമരമായി പടർന്നു നിൽക്കുന്ന ആ പഴയ കൂട്ടുകാരി.....പൂജാ.....ഇന്നും നീ എന്റെ തണൽമരമായി. അവൾ നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു. ആത്മാർത്ഥ സൗഹൃദം

ഏന്നിയാക്

എന്ന പൂവ് ഒരിക്കലും വാടില്ല. അത് എന്നും
പൂന്തേൻ നിറയ്ക്കും........



- അനീറ്റ മരിയ
൯ എ

# പെയ്തൊഴിയാതെ



പേമാരിയുടെ ബാക്കിപത്രമായ്
പൊന്നോണം കടന്നു വരുന്നു
ലോകമെങ്ങും ധൂർത്തിലും
ആർഭാടങ്ങളിലും മുഴുകുമ്പോൾ
പട്ടിണി,പേമാരി,വെള്ളപ്പൊക്കം
ഇന്നിന്റെ ലോകം
അതിക്രമങ്ങളുടെ ആർത്തിയാലും
നിസംഗതയാലും കീറി-
മുറിക്കപ്പെടുന്നുവോ?

ദൈവ സ്നേഹത്തിൻ രക്ഷാകരമാം
കരസ്പർശം ചോർന്നു പോകയോ?
ഇല്ല ? വൈകിയതില്ല
ഇനിയും നേരമേറെയുണ്ട്
വരൂ നമുക്ക് കൈകോർക്കാം,
അശരണർക്ക് അത്താണിയാകാം
മുള്ളു നിറഞ്ഞ ഈ വഴിത്താരയിൽ
പനിനീർപ്പൂക്കൾ വിരിയിക്കാം



-സാന്ദ്രാ സതീഷ്

# മലയാള സാഹിത്യം

കേരളീയരുടെ
മാതൃഭാഷയായ  മലയാളത്തിൽ രചിക്കപ്പെട്ട
സാഹിത്യം . മലയായ്മ , മലയാഴ്മ ,
മലയാൺമ തുടങ്ങിയ പദങ്ങളാണ്
ആദ്യകാലങ്ങളിൽ മലയാളത്തെക്കുറിക്കുവാൻ

ഉപയോഗിച്ചിരുന്നത്.ദ്രാവിഡഭാഷാ ഗോത്രത്തിന്റെ ദക്ഷിണശാഖയിൽപ്പെട്ട മലയാളത്തിന് ഏറ്റവും കൂടുതൽ അടുപ്പം തമിഴിനോടാണ് . എഡി9-ാംശതകത്തിൽ തമിഴിൽനിന്നും ഉരുത്തിരിഞ്ഞുവന്ന മലയാളഭാഷയുടെ നവോത്ഥാനം എഴുത്തച്ഛന്റെ കാലത്തോടെയാണ് ആരംഭിച്ചത് . അതിലാദ്യമായി ഉണ്ടായിരുന്ന ഏറ്റവും പ്രാചീന മലയാളകൃതിയാണ് രാമചരിതം . എ.ഡി 12-14 ശതകങ്ങൾക്കുള്ളിൽ രചിച്ചതെന്നു കരുതപ്പെടുന്നു ഈ കൃതിപ്പാട്ടും സാഹത്യത്തിലുൾത്തെടുന്നു . രാമചരിതത്തിനു ശേഷം നിർജ്ജീവാവസ്ഥയിലായിരുന്ന പാട്ടുസാഹിത്യം നിരണകൃതികളെന്നും അറിയപ്പടുന്ന കണ്ണശ്ശകൃതികളോടെയാണ് ശക്തിപ്പെട്ടത് . മലയാളത്തിലെ ഭക്തിസാഹിത്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച നിരണകൃതികൾ രാമചരിതത്തിൽ

നിന്ന് എഴുത്തച്ഛന്റെ കൃതികളിലേക്ക് ഭാഷാസാഹിത്യപരിണാമ പ്രക്രിയയിലെ കണ്ണിയായി വർത്തിക്കുന്നു . പാട്ടുസാഹിത്യ ശാഖയ്ക്ക് സമാന്തരമായിത്തന്നെ വളർന്നു വന്ന സാഹിത്യശാഖയാണ് മണിപ്രവാളം . ഭാഷ , കാവ്യസൗന്ദര്യം , പ്രമേയം തുടങ്ങിയവ കൊണ്ട് ശ്രദ്ധേയമായി നിൽക്കുന്ന മണിപ്രവാളസാഹിത്യം എ. ഡി 13 - ാം ശതകത്തോടെയാണ് ശക്തിപ്പെട്ടത് . മണിപ്രവാളസാഹിത്യത്തിന്റെ ഭാഗമായുള്ളതാണ്. ഗദ്യവും പദ്യവും ഇടകലർന്ന ചമ്പുക്കൾ സംസ്കൃത സാഹിത്യത്തിൽ നിന്നും മലയാളത്തിലേക്ക് കടം കൊണ്ട കാവ്യ രൂപമാണ്. രാമായണം ചമ്പു , ഉണ്ണിയാടീചരിതം, ഉണ്ണിച്ചിരുതേവി ചരിതം, ഭാരതം ചമ്പു, നൈഷധം ചമ്പു തുടങ്ങിയ നിരവധി ചമ്പുക്കൾ പ്രസിദ്ധമാണ്. ചമ്പുക്കളെ പോലെ തന്നെ സംസ്കൃത സാഹിത്യത്തെ അനുകരിച്ചുണ്ടായ

സാഹിത്യശാഖയാണ്
സന്ദേശകാവ്യങ്ങൾ.'ഉണ്ണുനീലിസന്ദേശ'മാണ്
മലയാളത്തിലെ ആദ്യ സന്ദേശകാവ്യം.
മധ്യകാല മലയാളകാവ്യങ്ങളിൽ
സവിശേഷ ശ്രദ്ധയാകർഷിച്ച കൃതിയാണ്
കൃഷ്ണഗാഥ. പാട്ടു പ്രസ്ഥാനത്തിലും
ഉൾപ്പെടാത്ത ശുദ്ധ മലയാളത്തിൽ രചിച്ച
കൃഷ്ണഗാഥയോടെ ഗാഥാപ്രസ്ഥാനം രൂപം
കൊണ്ടെങ്കിലും ഭാരതഗാഥ, ഭാഗവതഗാഥ
ഈ ശാഖയിൽ ഉണ്ടായിട്ടുള്ളു .
മലയാളത്തിലെ ഏറ്റവും ഉത്കൃഷ്ടമായ
കാവ്യപ്രസ്ഥാനമാണ് എഴുത്തച്ഛൻ
ഉപജ്ഞാതാവായിട്ടുള്ള കിളിപ്പാട്ടു പ്രസ്ഥാനം .
മലയാളഭാഷയ്ക്ക് നവോത്ഥാല ശൈലി
കൈവന്നത് എഴുത്തച്ഛനിലൂടെയാണ് .
അദ്ധ്യാത്മരാമായണം കിളിപ്പാട്ട്,
മഹാഭാരതം തുടങ്ങിയവയിലൂടെ
മലയാളഭാഷയുമായി ഭക്തകവിയായ
പൂന്താനവും വഞ്ചിപ്പാട്ടെന്ന

കാവ്യപ്രസ്ഥാനത്തിന്റെ പ്രയോക്താവായ
രാമപുരത്തുവാര്യരും സാഹിത്യലോകത്ത്
ചിരപ്രതിഷ്ഠ നേടി.പൂന്താനത്തിന്റെ
ജ്ഞാനപ്പാനയും വാര്യരുടെ കുചേലവൃത്തം
വഞ്ചിപ്പാട്ടും ജനഹൃദയത്തെ
ആകർഷിച്ചവയാണ് . 17-18
നൂറ്റാണ്ടുകളിലായി രചിക്കപ്പെട്ട
വീരകഥാഗാനങ്ങളായ വടക്കൻപാട്ടുകൾ
മലയാളസാഹിത്യത്തിലെ
പ്രാചീനഗാനസാഹിത്യത്തിൽ
പ്രമുഖ പദവി അലങ്കരിക്കുന്നു. എ.ഡി 17-ാം
നൂറ്റാണ്ടിൽ ആവിർഭവിച്ച കഥകളിയുമായി
ബന്ധപ്പെട്ടു രൂപംകൊണ്ട
ആട്ടക്കഥാസാഹിത്യപ്രസ്ഥാനത്തിലൂടെ
അനവധി പ്രശസ്ത കൃതികൾ മലയാളത്തിനു
ലഭിക്കുകയുണ്ടായി. രാമനാട്ടത്തിന്റെ
കർത്താവായ കൊട്ടാരക്കരത്തമ്പുരാനും
കഥകളി സാഹിത്യത്തെ പ്രൗഢഗംഭീരമാക്കിയ
കോട്ടയത്തുതമ്പുരാനും

ആട്ടക്കഥാസാഹിത്യത്തിലെ ശുക്രനക്ഷത്രമായ നളചരിതം ആട്ടക്കഥയുടെ ശില്പിയായ ഉണ്ണായിവാര്യരും മറ്റു മലയാളസാഹിത്യതദസ്സിൽ ജ്വലിച്ചുനിൽക്കുന്നു. തുള്ളൽ പ്രസ്ഥാനത്തിലൂടെ ജനകീയ കവിയെന്നും പ്രസിദ്ധിനേടിയ കുഞ്ചൻ നമ്പ്യാർ മലയാള സാഹിത്യത്തിലെ  ഒരു പൂർവ പ്രതിഭാസമാണ്. മലയാള ഗദ്യത്തിന്റെ ആദ്യകാല മാതൃകകളായ വാഴപ്പള്ളി ശാസനം, തരിസാപ്പള്ളി ശാസനം തുടങ്ങിയവയ്ക്കുശേഷം സാഹിതായപരമായി പ്രാധാന്യമുള്ള ആദ്യ മലയാള ഗദ്യകൃതിയാണ് ഭാഷാകനടലീയം. അർണോസ് പാതിരി യടക്കമുള്ള ക്രിസ്ത്യൻ മിഷണറിമാർ മലയാള ഗദ്യ സാഹിത്യത്തിന്റെ വളർച്ചയിൽ പ്രമുഖ പങ്ക് വഹിച്ചവരാണ്. മലയാള ഗദ്യത്തിന്റെ പുരോഗതിക്ക് അടിത്തറയിട്ടത് കേരളവർമ്മ വലിയകോയി തമ്പുരാനാണ്. മധുരമായ

സംസ്കൃതമലയാള പദങ്ങളിലൂടെ
മലയാളഭാഷയ്ക്ക് ലാളിത്യവും പ്രസന്നതയും
വരുത്തിയ വെൺമണി പ്രസ്ഥാനം
മണിപ്രവാള കവിതയുടെ ആഭിജാത്യത്തിൽ
നിന്ന് കവിതയെ സംസാരഭാഷയോടടുപ്പിച്ചു
നിയോക്ളാസിക്ക് പ്രസ്ഥാനത്തിൽ
ഉൾപ്പെടുന്ന മലയാളത്തിലെ
മഹാകാവ്യങ്ങളാണ് കെ . സി .
കേശവപിള്ളയുടെ കേശവീയം . ഉള്ളൂരിന്റെ
ചിത്രയോഗം, കട്ടക്കയം
ചെറിയാൻമാപ്പിളയുടെ ശ്രീയേശുവിജയം
തുടങ്ങിയ മഹാകാവ്യത്തെ പിന്തുടർന്നെത്തിയ
ഖണ്ഡകാവ്യങ്ങളിലൂടെയാണ് മലയാള
കാൽപ്പനികപ്രസ്ഥാനം രൂപം കൊള്ളുന്നത്.
ആധുനിക കവിത്രയത്തിന്റെ
മുഖഛായതന്നെ മാറ്റുകയുണ്ടായി.
1889-ൽ ഇന്ദുലേഖയിലൂടെ ജന്മം
കൊണ്ടനോവൽ പ്രസ്ഥാനമാകട്ടെ ചരിത്ര
നോവലുകളിലൂടെയും സാമൂഹിക വിഷയങ്ങൾ

ആവിഷ്കരിക്കുന്ന നോവലുകളിലൂടെയും വളർച്ച പ്രാപിച്ചു.

-കാർത്തിക അനിൽകുമാർ
9 എ

## മഴ

ഉച്ച നേരത്തൊരു
കൊച്ചു മയക്കത്തിൽ
പിച്ചവെച്ചെത്തിയ
കാർമുകിലേ
തല്ലിത്തിറുമാ
ചില്ലുകണക്കെയെൻ



മുന്നിലുൻമാദിനിയായ് പൊഴിഞ്ഞു
പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും

കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും

ഏന്നിയാക്

മഴപ്പെണ്ണിന്റ കുളിരേറ്റു വാങ്ങുന്നുവോ
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ മല
മുകളിലെ ഉറവയോടിഴുകുന്നുവോ
നിന്റെ സ്മൃതിഗീതം അലകളായ് തഴുകി.



# കഥകളി



ദീർഘകാലത്തെ പരിശീലനം ആവശ്യമുള്ള ഒരു ശാസ്ത്രീയ കലാരൂപമാണ് കഥകളി. അനുഷ്ഠാനങ്ങൾ സൃഷ്ടിച്ചിട്ടുള്ള മനോഹരമായ കലാരൂപം കൂടിയാണ് കഥകളി. അനുഷ്ഠാന കലകളിലെ പല അംശങ്ങളും സമന്വയിപ്പിച്ച് കൊട്ടാരക്കരത്തമ്പുരാൻ തുടങ്ങിവച്ച രാമനാട്ടമാണ് കഥകളി ആയി പരിണമിച്ചതെന്നാണ് ഗവേഷകർ പറയുന്നത്.

കഥകളിയിലെ കഥാപാത്രങ്ങൾസംസാരിക്കാറില്ല. പശ്ചാത്തലത്തിലെ പാട്ടുകൾക്കനുസരിച്ച് അഭിനയിക്കുന്നു. അതുകൊണ്ട് തന്നെ

കഥകളി സംഗീതത്തിലെ സാഹിത്യത്തിനു വലിയ പ്രാധാന്യം  ഉണ്ട്. ആട്ടക്കഥാസാഹിത്യമെന്നാണിതിനു പറയുന്നത്. ചെണ്ട,മദ്ദളം ചേങ്ങില, ഇലത്താളം തുടങ്ങിയവയാണ് കഥകളിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങൾ മറ്റു ഭാരതീയ നൃത്ത രൂപങ്ങൾക്കെന്ന പോലെ തന്നെ കഥകളിയുടെയും  അടിസ്ഥാനം ഭരതമുനിയുടെ നാട്യശാസ്ത്രമാണ് .

## മുല്ല വള്ളി

വീട്ടുമുറ്റത്തിന്റെ തെക്കേവരമ്പിലായ്
മുളകൊണ്ട് നിർമ്മിച്ച വേലിതൻമേൽ
ചാഞ്ഞും ചരിഞ്ഞും തിരിഞ്ഞും മറിഞ്ഞും
ആടിയുലയുന്ന മുല്ലവള്ളി.....
ഇന്നലെ നിൻ വള്ളിത്തുമ്പിലായ്

തുങ്ങിക്കിടന്നൊരെൻ മുല്ലമൊട്ടിന്നിതാ
നിന്നെ ശദളമാക്കീടുവാനായിതാ
പൂവായിമാറീത് ഞാൻ കണ്ടില്ല്യാല്ലോ
ആരു നൽകീ പൂവേ നിനക്കീമാലാഖ
പോലൊരുവെള്ള വസ്ത്രം ക്രിസ്തുമസ് നാളിൽ
രുക്കും നക്ഷത്രം പോൽവെട്ടിത്തിളങ്ങിടും
താരകമേഞ്ചഞ്ച് വാലുള്ളൊരാ നക്ഷത്രം
പോലെഞ്ചഞ്ചിതളുള്ളൊരെൻ മുല്ലപ്പൂവേ
നീ പരത്തും സുഗന്ധം നുകർന്ന ഞാൻ,
ഞാനറിയാതെ മയങ്ങിടുന്നു
സൂര്യകിരണങ്ങൾ ഇതളിൽ പതിക്കുമ്പോൾ
നിൻമനോഹാരിതഏറിടുന്നു.
എങ്കിലും എങ്കിലും സന്ധ്യയ്ക്ക് മേഘങ്ങൾ
കണ്ണും ചുമപ്പിച്ച് നിൽക്കും നേരം
മാർത്താണ്ഡനോടി ഒളിച്ചിടുന്നു, പക്ഷേ
ശശിവന്ന് നിലാവ് പകർന്നുതരും
നിലാവിൽ കുളിച്ചു നിൽക്കും എന്റെ പൂവേ
നിന്നെക്കാണാൻ എന്തു ഭംഗിയാകും
എന്നാലും സോദരി നാളെ വന്നെത്തിടും

ഏന്നിയാക്

ജനകരമുയർന്നിടും,കിളികൾ ചിലച്ചിടും
പക്ഷേ വച്ചു പൂവേ നാളെ നിന്നെ കാണാൻ
ഒന്നുമ്മവെച്ചിടുവാൻ വച്ചുപൂവേ
വാടിക്കരിഞ്ഞ് ജീവൻയാചിക്കുന്നു നിന്നെ
കാണാൻ എനിക്ക് വച്ചു പൂവേ.....
കാലന്റെ കറുത്ത കൈകളെത്തും കാറ്റി-
ലാഴത്തിൽ നിൻ ജീവൻ അരിഞ്ഞു വീഴ്ത്തും
സ്വർഗ്ഗരഥത്തിൽ കാൽവെയ്ക്കും മുമ്പ് നീ
എന്നക്കാണാൻ വിതുമ്പിടല്ലേ
നിന്നെ കണ്ടില്ലെന്നിരിക്കയാൽ
വിങ്ങിപ്പൊട്ടിടുമേൻ മനസ്സിനെ
സമാധാനിപ്പതിനായി ആരുണ്ടിനി?
ആരുണ്ടിനി?



# തണൽ മരം

നനവാർന്ന കുഞ്ഞിക്കണ്ണുകൾ മാറി മാറി പരതിയപ്പോൾ എന്റെ മുൻപിലായി ചെറുപുഞ്ചിരിയോടെ അടുത്തുകൂടാൻ ശ്രമിച്ചിരുന്ന ഒരു ചെറിയ പയ്യനുണ്ടായിരുന്നു. എന്റെ ഏട്ടൻ. എന്റെ കുഞ്ഞ് കുസൃതികൾ കണ്ടില്ല എന്ന് നടിച്ച് ഓരോ അടിയും ഏറ്റുവാങ്ങി പിണക്കയമാണെന്ന് ഭാവിക്കുന്ന മുഖം. എന്റെ സ്നേഹനനിധിയായ ഏട്ടൻ.

എന്റെ തെറ്റുകളെ കണ്ടുപിടിച്ച് എന്റെ കുഞ്ഞിക്കൈപ്പത്തികൾ നീട്ടിപ്പിടിച്ച് തന്നിരുന്ന ആ ചെറുശിക്ഷകൾ വീശിയെറിഞ്ഞ വെളിച്ചത്തിലായിരുന്നു ഞാൻ ജീവിതത്തെ ക്രമികരിച്ചത്. ഉറക്കം എന്റെ കുഞ്ഞിക്കണ്ണുകളിൽ തഴുകുന്നതുവരെ പുതിയ കാഴ്ചകൾ എനാക്ക് സമ്മാനിച്ചു. അമ്മയും അച്ഛനും വഴക്കു പറയുമ്പോൾ ദൂരെ നിന്ന്

ഏനിയാക്

കണ്ണടച്ചു കാണിച്ച് എന്നെ സമാധാനാപ്പിക്കുന്ന മുഖം എനിക്കെന്നും ആശ്വാസം പകർന്നു തന്നു. ഞാൻ കരയുമ്പോൾ എന്നെ സന്തോഷിപ്പിക്കുകയും എന്റെ സങ്കടങ്ങൾ തുടച്ചുമാറ്റുകയും ചെയ്തിരുന്നത് എന്റെ ഏട്ടൻ ആയിരുന്നു.

-അഞ്ജുശ്രീ പ്രസാദ്



# തെയ്യം



ഉത്തരകേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാനകലകളിൽ ഒന്നാണ് തെയ്യം. ആര്യാധിനിവേശത്തിന്റെ കീഴ്പ്പെടാതെ നിൽക്കുന്ന ദ്രാവിഡപ്രദയാണ് തെയ്യങ്ങൾ എന്ന് അഭിപ്രായമുണ്ട്. പഴയങ്ങാടിപ്പുഴക്ക് വടക്കോട്ട് വരെ തെയ്യം എന്നും അൽപ്പമൊരുവ്യത്യാസങ്ങളോടെ തെയ്യം അറിയപ്പെടുന്നു.

നൃത്തം ചെയ്യുന്ന ദേവതാ സങ്കൽപ്പമാണ് തെയ്യം. തെയ്യത്തിന്റെ നർത്തനം തെയ്യാട്ടം എന്നും തെയ്യത്തിന്റെ വേഷം തെയ്യക്കോലം എന്നും അറിയപ്പെടുന്നു. ദേവാരാധന നിറഞ്ഞ

തെയ്യം കലയിൽ മന്ത്രപരമായ അനുഷ്ഠാനം തന്ത്രപരമായ അനുഷ്ഠാനം , വ്രതപരമായ അനുഷ്ഠാനം എന്നിവ ഇടകലർന്നുകാണുന്നു.

പ്രധാനമായും അമ്മ ദൈവങ്ങളാണ് തെയ്യങ്ങൾ. കൂടാതെ വീരന്മാരായ അഞ്ഞൂറോളം തെയ്യങ്ങൾ ഉണ്ടെന്നാണ് പറയപ്പെടുന്നത്. എങ്കിലും നൂറ്റിയിരുപതോളം തെയ്യങ്ങളാണ് സാധാരണമായിട്ടുള്ളത്. വൃക്ഷാരാധന, പ്രാർത്ഥനാരാധന എന്നിങ്ങനെ പല ആരാധനാ രീതികളുടേയും സമന്വയമാണ് തെയ്യം.

-ഗീതുമോൾ
9 എ



# പ്രഭാതമേ



തളിർ നിലാവിന്റെ
നീലവാനച്ചോലയിൽ
ഇന്നൊരു പനിനീർ പൂവിൻ സുഗന്ധം
ഞാനറിഞ്ഞുഞാൻ തേടിയതെന്തോ?എന്നെ
തേടിയതെന്തോ?ഇന്നലെയെൻ
കിനാവിലലിഞ്ഞു ചേർന്നആകാശ
നീലിമയിൽ നിറമെഴും ചാർത്തിയപോലെൻ
പ്രഭാതമേ....അഴലിൻ ആനന്ദം ഉൾക്കൊണ്ട
അഴകിന്റെ സൗരഭ്യമേനിന്റെ നാളുകൾ
എന്റെ പ്രതീക്ഷകളാണ്
ആ പ്രതീക്ഷയുടെ കിരണങ്ങൾ ഇറ്റിറ്റു വീഴുന്ന
നിന്നെ ഓർക്കുമ്പോഴെൻ അഴലുകൾ മായുന്നു
പ്രഭാതമേ...ഇനിയും വരൂ നീ...
ഇന്നീ നിറ സന്ധ്യയിൽ മയങ്ങി
നാളെയുടെ പ്രതീക്ഷയുമായി
എന്നിലലിയാൻ വരൂ നീ വേഗം.

-അലീന ബിജു

ഏന്നിയാക്ക്

# നിശാഗീതം



ക്രൂരിരുട്ടിന്റെ നിശ്ശബ്ദമാം
നിശാരാത്രിയിലെവിടെയോ
നിശാപക്ഷി ചിലയ്ക്കുന്നു
നിശാരാത്രി നീ തിരിച്ചറിയുന്നുവോ
ആ ജീവി തൻ നാദത്തെ
അതവയുടെ നാദമോ ഗദ്ഗദമോ?
ക്രൂരിരുട്ടിൽ എവിടെയോ മറഞ്ഞുനിന്നൊഴുകും
കണ്ണീരിന്റെ നനവിനെ എരിരുട്ടിന്റെ
നിശ്ശബ്ദമാം
നിശാരാത്രിയിലെവിടെയോ
നിശാപക്ഷി ചിലയ്ക്കുന്നതിനു
നീ നിന്റെ ശക്തമാം ജലകണി-
കകൾ കൊണ്ടു മറയ്ക്കുന്നു

നിശബ്ദമാം ഈ രാത്രി വേളയിൽ
താനെയിരുന്നു മിഴിവോർക്കും ഈ
പക്ഷികൾ ചുണ്ടിലെ ഗദ്ഗദത്തെ
പുഞ്ചിരിയിലാഴ്ത്തുവാൻ നിശാ-
ഗീതമേ നിനക്കാകുമോ?തിരുട്ടിന്റെ നിശ്ശബ്ദമാം
നിശാമാരിയിലെവിടെയോ
നിശാപക്ഷി ചിലയ്ക്കുന്നു
നിശാമാരി നീ തിരിച്ചറിയുന്നുവോ
ആ ജീവി തൻ നാദത്തെ
അതവയുടെ നാദമോ ഗദ്ഗദമോ?
ക്രൂരിരുട്ടിൽ എവിടെയോ മറഞ്ഞുനിന്നൊഴുകും
കണ്ണീരിന്റെ നനവിനെ എന്തിനു
നീ നിന്റെ ശക്തമാം ജലകണി-
കകൾ കൊണ്ടു മറയ്ക്കുന്നു
നിശബ്ദമാം ഈ രാത്രി

- ക്രിസ്റ്റൽ
9A

# കേരളത്തിന് ഒരു പുനഃജന്മം



വളരെ ദുഃഖകരമായ പ്രളയമാണ്കേരളത്തിലൂടെ കടന്നുപോയത്.ഈ പ്രളയം മൂലം കേരളത്തിൽ വളരെയേറെ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു.കടന്നകാലങ്ങളിൽ കഴിഞ്ഞുപോയപ്രളയം പല ജീവനുകളെ തന്നെ ഒടുക്കിക്കളഞ്ഞു. 94 വർഷങ്ങൾക്കു മുമ്പാണ് ഇത്തരത്തിലുള്ള ഒരു പ്രളയത്തെ കേരളം നേരിട്ടത്. ഏകദേശം 890 ജീവനുകളാണ് കഴിഞ്ഞുപോയ പ്രളയത്തിലൂടെ നഷ്ടപ്പെട്ടത്.

ഇത്തരത്തിലുള്ള വെള്ളപൊക്കങ്ങൾ മഴപോലുള്ള പ്രകൃതിയുടെ

വരദാനങ്ങൾ കൊണ്ടുമാത്രമല്ല മനുഷ്യർ ചെയ്യുന്ന ചില ദുഷ്പ്രവർത്തികൾ കൊണ്ടുമാണ്. മരങ്ങൾ വെട്ടിനശിപ്പിക്കുക, മണൽവാരൽ , സർക്കാർ നിയമങ്ങൾ ലംഘിച്ച് കൊണ്ട് സ്വന്തം ലാഭത്തിനായി ചുവടോടെ കുന്നുകളും മലകളും അടർത്തികൊണ്ടുപോയി വയലുകളും പാടങ്ങളും നികത്തി കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുന്നു. അമിതമായ പ്ലാസ്ററിക്കിന്റെ ഉപയോഗം ഇത്തരത്തിലുള്ള പ്രകൃതി വിരോധ പ്രവർത്തനങ്ങൾ സമൂഹത്തെ മലിനമാക്കുക മാത്രമല്ല ഇതുപോലുള്ള കാലാവസ്ഥ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നു.

മരങ്ങളുടെ വേരുകൾക്കു ഒരു പരിധിവരെ വെള്ളത്തെ താങ്ങിനിർത്തുവാനുള്ള കഴിവുണ്ട്. അതുപോലെ തന്നെയാണ് പാടങ്ങളും വയലുകളും . ഇതുപോലുള്ള



പ്രവർത്തനങ്ങൾക്കൊണ്ട് കാലാവസ്ഥാമാറ്റം

മാത്രമല്ല അന്തരീക്ഷത്തെയും പ്രകൃതിയെയും മലിനമാക്കിതീർക്കുന്നു. ഇവ മൂലംപല മലിനികരണങ്ങും നേരിടേണ്ടിവരുന്നു. വായുമലിനീകരണം, ജലമലിനീകരണം എന്നിങ്ങനെ. ഇതെല്ലാം മനുഷ്യനാൽ പ്രകൃതിക്ക് വരുന്ന മാറ്റങ്ങളാണ്.

ഒരു മരം വെട്ടിയാൽ അതിനുപകരം 10 മരങ്ങൾ വെച്ചുപിടിപ്പിക്കണമെന്നാണ് പറയാറുള്ളത്. എന്നാൽ ഇന്നത്തെ സമൂഹം ഇതെല്ലാം മറന്നുകഴിഞ്ഞിരിക്കുന്നു.ഈ സ്ഥിതി മുന്നോട്ടുതുടർന്നാൽ ശുദ്ധവായുപോലും ലഭിക്കാതെ ജനങ്ങൾ പരക്കം പായും. കഴിഞ്ഞകാലങ്ങളെ ഓർത്ത് വിഷമിക്കാതെ വരുംതലമുറകൾക്കായി പ്രയത്നിക്കാം. പ്രകൃതിസംരക്ഷണം എന്നത് മനുഷ്യരുടേതുക്രൂടിയാണ്. പ്രകൃതിയെ സംരക്ഷിക്കുക എന്നത് നമ്മുടെ കടമകൂടിയാണ്.

ഇനി ഒന്നുകൂടി സൂചിപ്പിക്കട്ടെ
കർഷകർ നമ്മുടെ നാടിന്റെ നട്ടെല്ലാണ്. അവരാലാണ്നമ്മുടെ ജീവിതം മുമ്പോട്ടു പോകുന്നത്അതിനാൽ തന്നെ അവർ ഈശ്വരതുല്യരാണ്. ഇത് ഇന്നത്തെ തലമുറമനസ്സിലാക്കുന്നില്ല. കർഷകരെ അവർ പുച്ഛത്തോടെയാണ് കാണുന്നത്. മാലിന്യങ്ങളും മലിനീകരണങ്ങളും ഇല്ലാത്ത ഒരു കേരളത്തെ നമ്മുടെ അടുത്ത തലമുറകൾക്കായി സൃഷ്ടിക്കാം. കർഷകർക്ക് കൂടുതൽ പ്രാധാന്യം നൽകി കൃഷിയുടെ മുന്നേറ്റത്തിനായി പദ്ധതികൾ സൃഷ്ടിക്കാം. നദികളെ സംരക്ഷിക്കാം.
ഇതുപോലെയുള്ളൊരു നവകേരളത്തെ മുന്നിൽകണ്ടുകൊണ്ട് നമുക്ക് ഈ നവംബർ 1 കേരളപിറവി ആഘോഷിക്കാം.

- ആദികൃപ. എസ്



# എന്റെ കുട്ടിക്കാലം

കുഞ്ഞിക്കണ്ണുകൾ പൂട്ടിയുറങ്ങും
നേരം എന്നുള്ളിൽ
ആരോ മാടിവിളിച്ചു ഞാനോ
കണ്ടു നല്ലൊരു സ്വപ്നം
മഴവില്ലിൻ പല വർണ്ണങ്ങൾ

തീർത്തു എന്നിൽ പുളകം
കൗതുകപൂർവം കേട്ടു കിളിതൻ
മാധുര്യമാർന്നൊരു നാദം

മഴമഴ പെയ്തു വെള്ളമുയർന്ന
നേരം വീട്ടുവളപ്പിൽ
കുസൃതി നിറഞ്ഞൊരു  ചിരിയോടെ
ഞാനുമൊഴുക്കി  വഞ്ചി

അമ്മതൻ സ്നേഹവും  ശാസനയും
നിറയുന്നെന്നോർമ്മയിൽ ഇന്നും
എല്ലാമെല്ലാം  കാലത്തിൻ
ഓർമ്മച്ചെപ്പുകൾ മാത്രം.

-നന്ദന സജിത്ത്



# ക്രിസ്തുമസ്

ക്രിസ്തുമസ് ക്രിസ്ത്രീയ കലണ്ടർ പ്രകാരമുള്ള പുണ്യദിനമാണ്.യേശു ക്രിസ്തുവിന്റെ ജനനമാണ് ഈ ദിനത്തിൽ അനുസ്മരിക്കപ്പെടുന്നത്. ലോകമെമ്പാടും ഡിസംബർ 25 ആണ് ക്രിസ്തുമസ് ആയി കണകാക്കുന്നത്.എന്നാൽ ചില ക്രിസ്ത്രീയ സഭകളിൽ മറ്റു ചില ദിവസങ്ങളിലാണ് ഈ ആഘോഷം.ക്രിസ്ത്യാനികൾ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ ക്രിസ്തുമസ് ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണ്. എന്നാൽ ഇന്ന് മിക്കരാജ്യങ്ങളിലും ഒരു മതവിഭാഗത്തിന് പ്രത്യേക ആഘോഷം എന്നതിനപ്പുറം ക്രിസ്തുമസ് ഏവർക്കും

സന്തോഷം പകരുന്ന ആഘോഷമായി
മാറിയിരിക്കുന്നു. മിക്കസ്ഥലങ്ങളിലും
പരസ്പരം സമ്മാനങ്ങൾ കൈമാറാനും
ബന്ധങ്ങൾ പുതുക്കാനുമുള്ള
അവസരമായാണ് ഈ ദിവസം
കണക്കാക്കപ്പെടുന്നത്.ക്രിസ്തുമസ്
ആഘോഷങ്ങളും ആചാരങ്ങളും ഓരോ
ദേശത്തും വ്യത്യസ്തമാണ്.

ക്രസ്തുമസ് ഉത്ഭവത്തെപറ്റി
വ്യക്തമായ ചരിത്ര രേഖകളില്ല.ഡിസംബർ 25
ക്രിസ്തുവിന്റെ ജന്മദിനമായി ആചരിക്കാനുള്ള
കാരണവും ചരിത്രകാരന്മാർക്ക്
അജ്ഞാതമാണ്.ക്രിസ്തുവർഷം നാലാം
നൂറ്റാണ്ട് മുതലാണ് ഡിസംബർ
ക്രിസ്തുമാസമായി ആചരിക്കപ്പെടാൻ

തുടങ്ങിയതെന്നാണ് ഏറ്റവും പ്രബലമായ വാദം. ക്രിസ്ത്യാനിയായി മാറിയ റോമൻ ചക്രവർത്തി കോൺസ്റ്റന്റൈൻ ഡിസംബർ 25 തന്റെ സാമ്രാജ്യത്തിലെ ക്രിസ്തുമത വിശ്വാസികൾക്കും പേഗൺ മതവിശ്വാസികൾക്കും പൊതുവായ ഒരാഘോഷദിനമായി പ്രഖ്യാപിച്ചു എന്നാണ് കരുതപ്പെടുന്നത്.

-അക്ഷര കെ. ലാലു



# മുല്ലപ്പൂ



മുല്ലപ്പൂവിടരുമ്പോൾ
കാണാൻ എന്തുഭംഗി
തേനീച്ചകളുടെ മൂളിപ്പാട്ടും
തേനിൻ മണവും എന്തുരസം
കുട്ടിപ്പാട്ടും പാടിനടക്കും
മിന്നാമിന്നിയും കൂട്ടിനുണ്ട്.

# അധ്യാപകർ

അക്ഷരങ്ങൾ ചൊല്ലിടുന്നു
ഭാവിവാഗ്ദാനങ്ങളെ
എന്നെ നിന്നിലേക്ക് എത്തിച്ചിടുന്നു
അധ്യാപകർ
കൂട്ടിനുണ്ട് കൂടെയുണ്ട്
കൂട്ടുകൂടാൻ പ്രായമില്ല

കണ്ടില്ലേ നീ ചെറുപുഞ്ചിരി
തൂകും മുഖങ്ങളെ
കാൽതൊട്ടു വന്ദിച്ചിട്ടു നിൻ
അധ്യാപകരെ
ഒരായിരം നന്ദി  ചൊല്ലണം
അവർക്കു നീ.

-രേവതി അജിത്ത്
൭ എ



# മഞ്ജിമ കണ്ട കേരളം

**ഞാൻ** മഞ്ജിമ എന്റെ അച്ഛൻ ശ്രീകുമാർ അമ്മ മഞ്ജു ഇന്ന് ഞാൻ വളരെ സന്തോഷത്തിലാണ്. ഞാൻ ഈ യാത്രാവിവരണം എഴുതാൻ ആരംഭിക്കുന്നത് അമേരിക്കയിലെ ഫ്ലോറഡയിൽ നിന്നാണ്. എന്റെ ഈ സന്തോഷത്തിന്റെ കാരണം ഒരു യാത്രയാണ്. എന്റെ മാതാപിതാക്കളുടെ ജന്മനാട്ടിലേക്ക് ഒരു അവധി യാത്ര. അപ്പൂപ്പനും അമ്മൂമ്മയും എന്റെ ജനനംമുതലേ ഞങ്ങളുടെ കൂടെ ഇവിടെയായിരുന്നു. കഴിഞ്ഞവർഷം അവർ നാട്ടിൽ സ്ഥിരതാമസത്തിനായി കേരളത്തിലേക്ക് തിരിച്ചുപോയിരുന്നു. ഈ അവധിക്കാലം എവിടേക്ക് എന്ന് അച്ഛന്റെ ചോദ്യത്തിനു മുന്നിൽ കേരളത്തെ ഒരുപാട്

ഇഷ്ടപ്പെടുന്ന അമ്മയ്ക്കും , കഥകളുടേയും
കവിതകളുടേയും കൂട്ടുകാരിയായ എനിക്കു
ഒന്നുമാത്രം,കേരളത്തിലേക്ക്.
കേരളത്തിലെ നെല്ലിന്റെ കലവറ
എന്നറിയപ്പെടുന്ന പാലക്കാടായിരുന്നു
ഞങ്ങൾ ചെന്നെത്തിയത്. ഉറക്കത്തിന്റെ
ആലസ്യത്തിൽനിന്നും ഉണർന്ന്
ജനാലകൾക്കിടയിൽക്കൂടി ഞാൻ കണ്ട
അപ്പൂപ്പന്റെ വീട് എന്റെ സാക്ഷാത്കാരം
ആയിരുന്നു. ഞാൻ പുസ്തകങ്ങളിലൂടെ
വായിച്ചറിഞ്ഞ കേരള വാസ്തു വിദ്യയുടെ അതേ
ഭാവവും ഛായയും. ഇനി എനിക്ക്
കഥകളിലൂടെയും കവിതകളിലൂടെയും
വായിച്ചറിഞ്ഞ കേരളത്തെ അടുത്തറിയണം.
എന്റെ മനസറിഞ്ഞാവണം അപ്പൂപ്പൻ
എനിക്കായി ഒരു സഹയാത്രികയെ കൂട്ടിനായി
ഏർപ്പാടാക്കിയിരുന്നത്. അമ്മു
എന്നായിരുന്നു എന്റെ കൂട്ടുകാരിയുടെ പേര്.
ആദ്യത്തെ എന്റെ യാത്ര

എവിടേയ്ക്കായിരിക്കും എന്നതിൽ ആർക്കും അവിടെ സംശയം ഉണ്ടായിരുന്നില്ല. പാടശേഖരങ്ങൾ കാണണം എന്നായിരുന്നു ഞാൻ അമ്മുവിനോട് ആവശ്യപ്പെട്ടത്. ഈ ആവശ്യം ഞാൻ അമ്മുവിനോട് ഉന്നയിച്ചപ്പോൾ അമ്മുവിന്റെ മുഖം ഒന്നുമങ്ങി. അതോ എനിക്കു തോന്നിയതോ? ഞങ്ങൾ യാത്ര തുടങ്ങുകയാണ്, പാടശേഖരങ്ങൾ എന്ന എന്റെ കാഴ്ചകൾ. പലതും ചെന്നെത്തി നിൽക്കുന്നത് ഓരോ വലിയ കെട്ടിട സമുച്ചയങ്ങളുടെ മുന്നിലേക്കാണ്. പിന്നെ കുറെ തരിശു ഭൂമികളും ഞാൻ വായിച്ചറിഞ്ഞ കേരളത്തിൽ നെൽക്കലവറ എവിടെയാണ്? അതിന്റെ കാരണം തിരക്കാൻ മുതിർന്നില്ല പിന്നെയും ഞങ്ങളുടെ യാത്ര തുടർന്നു വഴിയുടെ മൂലയിലെത്തിയപ്പോൾ അമ്മു എനിക്കൊരു തൂവാല തന്നിട്ടു പറഞ്ഞു മൂക്കൊന്നു നന്നായി മൂടികൊള്ളൂ. അതിന്റെ കാരണം

എനിക്കപ്പോൾ പിടി കിട്ടിയില്ലെങ്കിലും
പിന്നീട് ബോധ്യപ്പെട്ടു അതിലൂടെ
കടന്നുപോകുമ്പോൾ ഞാൻ കണ്ടു ദുർഗന്ധം
വമിക്കുന്ന മാലിന്യ കൂമ്പാരങ്ങൾ അതിലൂടെ
ഞങ്ങൾ അതി വേഗം കടന്നു പോയി എനിക്ക്
ഓടുവാൻ തോന്നി. അപ്പോൾ അതാ
അമ്മുവിന്റെ മറ്റൊരു നിർദേശം
മഞ്ജിമാ ഓടരുത് പട്ടികൾ പിന്നാലെയുണ്ട്
അവ കടിക്കാൻ മെനക്കെടും. അത് എനിക്ക്
ഒരു പുതിയ അറിവായിരുന്നു. പട്ടികളേയും
വളർത്തു മൃഗങ്ങളേയും സ്വന്തം മക്കളേക്കാളും
കാര്യമായി പരിപാലിക്കുന്ന നാട്ടിൽ
നിന്നാണല്ലോ എന്റെ വരവ്. കേരള വാസ്തു
വിദ്യയെ അത്യധികം ആരാധിക്കുന്ന എനിക്കു
യൂറോപ്പ്യൻ ശൈലികളെ കടം കൊണ്ടുള്ള
ചില വീടുകളേയും കാണാൻ സാധിച്ചു.
കാഴ്ച്ചയുടെ നിറം കെടുത്തുന്ന ഈ
യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ എന്റെ
മനസ്സ് വിമുഖത കാണിച്ചു.അടുത്ത ദിവസം

ഞങ്ങൾ ഷോപ്പിങ്ങിനായി അപ്പൂപ്പന്റെ സഹായിയെ സമീപിച്ചു. ഞങ്ങൾ ഉദ്ദേശിച്ച ഉദ്യമത്തിൽ എത്താൻ ഞങ്ങൾ കുറെ കടമ്പകൾ കടക്കേണ്ടതായി വന്നു.  ഞങ്ങളുടെ കാർ ഓടിച്ചിരുന്ന ചേട്ടൻ പലപ്പോഴും പല ആത്മഗതങ്ങളും നടത്തുന്നുണ്ടായിരുന്നു വഴിയുടെ ദയനീയ അവസ്ഥകളേയും റോഡിലെ ട്രാഫിക്കും കണ്ട ഞാൻ ഈ ആത്മഗതങ്ങളുടെ അർത്ഥം പൂരിപ്പിച്ചെടുത്തു. ഏറെ വൈകിയാണ് ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയത്. പകലിന്റെ ചൂടിന്റെ കാഠിന്യവും ഒട്ടും മയമില്ലാത്ത പ്രകൃതി ഭാവങ്ങളും എന്നെ ക്ഷീണിത ആക്കിയിരിക്കുന്നു. രാത്രിയുടെ ഏതോ മണിക്കൂറുകളിൽ ഞാൻ ഉറക്കത്തിലേക്ക് വഴുതി വീണു അടുത്ത പുലരിയിൽ ഞാൻ മിഴികൾ തുറക്കുമ്പോൾ രണ്ടുമൂന്നു പുസ്തകങ്ങളുമായി അപ്പൂപ്പൻ നിൽപ്പുണ്ടായിരുന്നു അരികെ. "ഞാൻ നിന്റെ ഇന്നലത്തെ യാത്രയെ

കുറിച്ചൊന്നും ചോദിക്കുന്നില്ല നീ അന്വേഷിക്കുന്ന കേരള സൗന്ദര്യം ഇന്നിവിടെ ഇല്ല. കരയുന്ന കേരളത്തിന്റെ രോദനങ്ങൾ ഒപ്പി എടുക്കുന്ന രണ്ടു കവിതാ സമാഹാരങ്ങൾ നിനക്കിതാ. ഇതു നിനക്ക് ഇന്നത്തെ കേരളത്തിന്റെ സൗന്ദര്യം വർണ്ണിച്ചുതരും." ഞാൻ പതിയെ താളുകൾ മറിച്ചു സുഗതകുമാരിയുടേയും ഒ . എൻ . വി യുടേയും പേരുകൾക്കിടയിൽ എന്റെ കണ്ണുകൾ ഉടക്കി. അമ്മയോടു നന്ദി പറയണമെന്ന് എന്റെ മനസ്സ് മന്ത്രിച്ചു.

മലയാളമെന്ന മഹത്ക്കരമായ ഭാഷ എനിക്കു പരിചയപ്പെടുത്തിയതിന് .

എന്ന്,

മഞ്ജിമ

-മരിയാ ജിമ്മി

# എന്റെ കേരളം




വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി വനശാന്തി തരും
മമ ജന്മനാടേ മനോഹരി............

കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണുമാറഴകാർന്നരുവി
കളുവതിരിൽ മേഘമേലാപ്പു
തൊടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളം മാമലന്തൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഉഷ്ണക്കാലത്തും നീല ജലാശയങ്ങൾ

ഇളം കാറ്റിൻ പാറുമംഗന
തൻ ചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തിര
ഞൊറിയും സാഗരം നീളെ........

മണ്ണിൻ വാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമനാടേ മനോഹരീ.....മനസ്സിൽ
നിൻമുക്ത സൗന്ദര്യം....മുകരുന്ന ഞാൻ

# അമ്മ



അമ്മതൻ ഭാവം തുമ്പപോലെ
വെണ്മനിറഞ്ഞ തുമ്പപോലെ
ക്രൂരതകൾ നീക്കി അറിവിൻ വെളിച്ചമേകുന്നു
മാർഗ്ഗദീപമായി എൻ അമ്മ വിളക്ക്

ലോലമായ തുമ്പപോലെ
നൈർമല്യമാർന്ന അമ്മതൻ മനസ്സ്
ദീപ്തമായ ആത്മ സൗന്ദര്യത്താൽ
വീടിനൈശ്വര്യമേകുന്നു

അമ്മതൻ മിഴികളൊന്നു നനഞ്ഞാൽ
അമ്മതൻ മനസ്സൊന്നു പിടഞ്ഞാൽ
ഓർക്കുക നീ അസ്തമിക്കുന്നത്
നിൻ മുൻ കാല ജീവിതം.

-കൃഷ്ണപ്രിയ
8 എ

# തുള്ളൽ



മുന്നൂറോളം കൊല്ലം മുൻപ് കലക്കത്തു കുഞ്ചൻ നമ്പ്യാർ ആവിഷ്കരിച്ച ജനകീയ കലാരൂപമാണ് ഓട്ടൻതുള്ളൽ സാധാരണക്കാരന്റെ കഥകളി എന്നും ഓട്ടൻതുള്ളൽ അറിയപ്പെടുന്ന നർമ്മവും ആക്ഷേപഹാസ്യവും സാമൂഹികവിശകലനവും എല്ലാം ചേർത്ത് ആകർഷകമായി രചിച്ച പാട്ടുകൾ ബഹുജനങ്ങൾക്ക്  ആകർഷകമാം വിധം ചടുല നൃത്തമായി അവതരിപ്പിക്കുകയാണ് ഓട്ടൻതുള്ളലിൽ. ലളിതമായ വേഷവും നാടോടിസ്വഭാവമുള്ള അംഗചലനങ്ങളുമാണ് തുള്ളലിന് മിക്കപ്പോഴും ക്ഷേത്രത്തിന് പുറത്താണ്

**ഓട്ടൻതുള്ളൽ കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ചത് അന്നത്തെ സാമൂഹിക സാമ്പത്തിക വ്യവസ്ഥയ്ക്കും മുൻവിധികാർക്കും എതിരായ ഒരു പ്രതിഷേധമായിരുന്നു ഓട്ടൻതുള്ളൽ.**

**-സ്വാതിത എം സന്തോഷ്**



# ഓർമ്മകൾ

ഓർമ്മതൻ ക്രൂട്ടിലായി
ഒരായിരം ഓർമ്മകൾ
മായുമോ കാലമേ
ഈ നാളെല്ലാം?
പുസ്തകചുരുളിലായി
ഈ  സൗഹൃദകാറ്റുകൾ
വീശുമേ നേരമേ,
ഈ നാളെല്ലാം?
കാലങ്ങൾ മാറിയാലും
ഈ സൗഹൃദം മായുമോ
മിഴി നീരുകൾ ഇനിയില്ല
സൗഹൃദ തണലതിൽ ചാഞ്ഞുറങ്ങാം
ഈ ചുവരുകളും ഈ മതിലുകളും
നമ്മുടെ സൗഹൃദം എന്നും ഓർത്തിടും
പടികൾ നാം കയറിപ്പോയാലും
മനസ്സിൻ കോണിൽ
ചങ്ങാതി നീ വിളങ്ങിടും.

ഏനിയാക്



# കുസൃതി ചോദ്യം

1.ഏറ്റവും ചെറിയ പാലം ?

- മൂക്കിന്റെ പാലം

2.സ്ഥാനം മാറുമ്പോൾ പേര് മാറുന്ന വസ്തു ?

- മുടി

3.താമസിക്കാൻ പറ്റാത്ത വീട് ?

-ചീവീട്

4. വാഹനങ്ങളുമായി ബന്ധപെട്ട നൃത്ത രൂപം?

-ബ്റേക്ക് ഡാൻസ്സ്

5. നട്ടാൽ മുളക്കാത്ത പയർ?

-അമ്പയർ

6. തലകുത്തി നിന്നാൽ വലുതാകുന്നതാര്?

-ആറ്

7. വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?

-നിഴൽ

8. ആരും ആഗ്റഹിക്കാത്ത പണം?

-ആരോപണം

9. മുകളിലേക്ക് പോയാൽ  തിരിച്ചു വരത്തതെന്ത്?

-വയസ്സ്

10.എത്ര എഴുതിയാലും ശരിയാകാത്ത വാക്ക്?

-തെറ്റ്

# കാലം സാക്ഷി

ജീവിതത്തിന് കാലം സാക്ഷി
ജീവിതത്തിൽ ഓർമ്മകൾ ബാക്കി
കാലമേ നീ കടന്ന് പോയി
വേറിട്ട കാഴ്ച്ചകൾ ഞാൻ കണ്ടു
കാലത്തിന് ഒപ്പം കോലവും മാറി
കാലത്തിന്റെ കൈ പിടിച്ചു
നടന്ന ഞാനും മാറി
എത്ര നൂറ്റാണ്ടുകൾ കഴിഞ്ഞാലും
കാലമേ നീ സാക്ഷി.

-വർഷ വേണു



# കേരളീയം

'മലയാളം' പ്രധാന ഭാഷയായി സംസാരിക്കുന്ന , കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ്.മറ്റു പ്രധാന നഗരങ്ങൾ കൊച്ചി,കോഴിക്കോട്, തൃശ്ശൂർ,കണ്ണൂർ എന്നിവയാണ്.

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥ പ്രധാന ഘടകമായാണ് കണക്കാക്കുന്നത്.

# കേരള സംസ്ഥാനത്തിന്റെ ചിഹ്നങ്ങൾ

മൃഗം - ആന

പക്ഷി - മലമുഴക്കി വേഴാമ്പൽ

പുഷ്പം - കണിക്കൊന്ന

വൃക്ഷം - തെങ്ങ്

മത്സ്യം - കരിമീൻ

ഫലം - ചക്ക



# കൃഷ്ണനാട്ടം



കേരളത്തിന്റെ തനതുകല എന്ന് വിശ്വപ്രസിദ്ധിയാർജ്ജിച്ച കഥകളിയുടെ മൂലകലയും കേരളീയമായ ആദ്യത്തെ നൃത്തനാടകവുമാണ് കൃഷ്ണനാട്ടം. കൃഷ്ണഗീതിയെ അഷ്ടപദിയാട്ടം എന്നും പറയുന്നു.

ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു പ്രധാന വഴിപാടായി കൃഷ്ണനാട്ടം നടത്താറുണ്ട്. എട്ടുദിവസത്തെ കളിയാണ് കൃഷ്ണനാട്ടം. എട്ടുനാഴി എണ്ണ, എട്ടുതിരി, എട്ടുകുട്ടികൾ, എട്ടുനാഴിക നേരത്തെക്കളി എട്ടു ചേർന്നുള്ള കണക്കുകളാണ് കൃഷ്ണനാട്ടത്തിന്റെ പ്രത്യേകത.

-അഞ്ജുശ്രീ പ്രസാദ്

ഏന്നിയാക്

# എൻ പ്രിയ കൂട്ടുകാരി

ആദ്യമായെൻ സൗഹൃദവല്ലിയിൽ
തുമണമുള്ളൊരു പൂവായ് വിരിഞ്ഞു നീ
തേൻമൊഴി തൂകിയെൻ ഹൃദയവാടിയിൽ
വാടാതെ ചെമ്പനീർ പൂവായി നിൽപ്പൂ നീ
അറിയില്ലെൻ പ്രിയ കൂട്ടുകാരി നിൻ
അളവറ്റ സ്നേഹത്തെ വർണ്ണിച്ചിടാൻ

കലാലയ ജീവിത കാഴ്ച്കളിൽ ഏറ്റം
കാവ്യഭംഗി നിന്റെ സൗഹൃദം മാത്രം
കുശലംപറഞ്ഞും കുറുമ്പുകാട്ടിയും
കഥകൾ പറഞ്ഞും മനംകവർന്നും
പിന്നിട്ട പാതകൾ ഓർത്തിടുമ്പോൾ
അറിയാതെ ആശിച്ചുപോകുന്നു ഞാൻ
അണയില്ലൊരിക്കലും ഈ സൗഹൃദം

ഹൃദ്യമാം പുഞ്ചിരിതൂകിയെന്നിൽ
ഹർഷം വിടർത്തുന്ന കുട്ടുകാരി
ഹൃദയം തുളുമ്പുന്ന വേദനയാൽ
നേരുന്നു ഹൃദ്യമാം മംഗളങ്ങൾ

-ദേവിക ദേവ്
൭ ബി



# THE ENGLISH SECTION



# *The Power Of Prayer*




***From time immemorial,man has prayed to natural and super natural powers. He has found that he has control over birth,death and many of the incidents in life. When natural powers prayed to be insufficient,he searched supernatural powers and began to pray. Now we have different religious in this world which teach us to worship and pray.***

***All religions teach good principles instead of guiding mankind it is misused by many people. Riots breakup in the name of religion. It is***

***attributed to religious leaders. In such a situation ordinary man lose his belief in religion and prayer.***

***But in my view, we must cultivate the habit of prayer because it has it's own soothing effect on man.***


***Prayer can make us optimistic about our future. It help us to belive that god is there protect us. He has a good plan about our future. He has created us to do some precious part of his work in this world. There is no reason for fear or tension, when we do our duty. believe god is the power leading this universe in it's integrity.***

***So, prayer and belief in god help man in forming a good personality. Children are to brought***

***up in divine thoughts,for leading a peaceful and happy life.......***

***- RIYA P BIJU***

## ***BOOKS***



***WHAT WORLDS OF WONDER ARE OUR BOOKS!***
***AS ONE OPENS THEM AND LOOKS ,***
***NEW IDEAS AND PEOPLE RISE***
***IN OUR FANCIES AND OUR EYES.***

***THE ROOM WE SIT IN MELTS AWAY***
***AND WE FIND OURSELVES AT PLAY***
***WITH SOMEONE WHO , BEFORE THE***

***END***
***MAY BECOME OUR CHOSEN FRIEND***

***OR WE SAIL ALONG THE PAGE***
***TO SOME OTHER LAND OR AGE,***
***HERE'S OUR BODY IN THE CHAIR,***
***BUT OUR MIND IS OVER THERE.***

***EACH BOOK IS A MAGIC BOX***
***WHICH WITH A TOUCH A CHILD***
***UNLOCKS.***
***IN BETWEEN THEIR OUTSIDE***
***COVERS***
***BOOKS HOLD ALL THINGS FOR***
***THEIR LOVERS.***

***-ANEETA MARIA***
***9 A***

# ***NATURE***

***Nature largely refers to our physical world and life in general. The word nature is derived from the Latin word natural and essentially refers to things that are in existence or created naturally. This covers geology and wildlife and various types of living plants and animals and the environment around as and often means the natural environment or wilderness – wild animals, rocks, forest,beaches and those things that have not been substantially alerted by humans intervention. Elements that constitute nature are the building block of our life and so life without the existence of nature is so impossible.***

***-MERIN K.K***

## ***LIFE***

***Life is something, don't waste it***
***Life is sweet, take time to taste it***
***Life is a maze, find a right path.***
***Life is good times, make it last***
***Life is bad times, let it be in past***
***But more importantly***
***Life is what you make it.***

***-REVATHY AJITH***
***9A***

## ***MORE QUESTIONS ? ? ?***
## ***ONE ANSWER ...***

***1.Who is the 15$^{th}$ Prime Minster?***
***2.First Prime Minister who comes from backward class?***

***3.First Prime Minister who was born after Independence?***
***4.Present  Planning Board Chairman?***

-

***NARENDRA MODI***

***1.Which Indian State was to privatize the production and distribution of electricity in India?***
***2.Which Indian State was known as Utkala in ancient age?***
***3.Which Indian State is known as Soul of India?***
***4.Harekrushna Mahat ah was the first Chief Minister of which state?***

-

***ODISHA***
***1.Which is the longest national highway in  India?***

***2.Which is the new name of NH7?***
***3.Which is the new name of NH4?***
***4.Which national highway starts in Varanasi and ends in Kanyakumari?***

***- NH44***

***-SUHANASIYAD***
***10 A***

## ***My Dream Home Way***

***Its was a fine day, the sun had risen and birds noise, animals noise etc. when I was walking to my home, there was a long branch which had been came up from the tree. I take it and keep away from the tree. I saw a ant looking at me and jumping into the***

***grass. Beautiful butterflies were flying in the garden. I saw the animals talking each other in noise and also plants, trees, etc  are talking. Oh! No it is so beautiful Ah! Ah! Ah! Oh! No! It was a dream home.***

***-LAKSHMI  S NAIR***
***9 A***

## ***THE UNLOCKED CAGE***

***A small reddish world***
***With no friends, no relations***
***Nobody to disturb, nothing to matter***
***There was my mother's womb.***

***Now I'm free from the lonely world***

*Today I've everything, every good thing*
*But still, a feeling of being in a cage.*

*A cage with all doors open*
*Why I feel so? I don't know*
*I could walk or run through the door*
*By my lock is locked by something.*

*Now I feel again and again, that*
*My mother's womb was beautiful*
*Than this lonely world, I was happy.*

*- JOSNA JOBY*
*10 C*

# ***LIFE IS PRECIOUS***

***The gracefulness***
***of a butterfly,***
***How gentle***
***and fragile they seem***

***Gently fluttering***
***on a calm , summers day***
***floating like a dream***

***But sadly***
***There time is over***
***Hardly before***
***it's begun***

*So enjoy*
*your special moments*
*Like a butterfly*
*In  the sun*

*-ALEENA M SHAHUL*
*9 A*

## THANK YOU TEACHER

*I thank you for your helping hand*
*for your warm and tender heart,*
*and for the opportunity*
*to make a brand new start*
*I hold fast to tomorrow*
*and treasure each passing day*
*never taking for granted*
*that which can be taken away*
*I have learned to count my blessings*

*never dwelling on the past*
*and to build a brighter future*
*with the knowledge from your class.*
*You taught me to be confident*
*to take everything in stride.*
*You're such a wonderful teacher*
*for all it is happy to see*
*I just wanted to let you know*
*How much you meant to me.*

*-SUHANA SIYAD*
*10 A*

## TRYING TO BE HAPPY

*Yesterday,*
*When I was trying to be happy*
*I loved those who loved me,*
*Respected those who respected me,*

***Smiled at those who smiled at me***
***Helped those who helped me***
***But I was sad and bad,***
***And was also called selfish.***
***Today,***
***When I am sitting alone at night***
***The glittering stars from the deep sky***
***Stared at me and smiled at me***
***The cool breeze around me whispered.***
***Hoping I am on the way***
***Like a bee searching for honey***
***Because, I loved those who hated me.***
***Respected those who never helped me***
***Smiled at those who never smiled at me***
***I am nervous and kind to***
***Those who are strangers to me.***

***-NOURIN FATHIMA***

## *MY PARENTS*



***You both special in every way***
***Encouraging me more and more***
***On each passing day.***
***When I am sad, you comfort me***
***When I am sick, you care for me.***
***When I misbehave, you discipline me***
***When I am lost, you come and find me***
***When I made fun of, you tell I am special***
***No matter what happens, you are with me***
***Because you love me….***

***- AISWARYA S***

# ***NONE LIKE PARENTS***

***When I examined my life,***
***right from the beggining***
***I strongly felt,***
***I owed my parents many things.***

***The supreme sacrifices they made,***
***Are totally incomparable***
***The way they care for our happiness,***
***Is something admirable.***

***They guided us through every***
***movement in life,***

*Especially in our youth,*

*The great path of truth.*

*Oh! how can I ever pay them back,*

*For all that they have done,*

*For I know, nothing I do,*

*Will ever be enough.*

***-THRUSHA MARIAM THOMAS***

***9 A***

Little Kites

We Play* We Explore* We Learn